## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 611 — 11.07.2012-ൽ മറുപടിയ്ക്ക്

## ക്രമസമാധാനപാലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. കെ. രാജു:<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറ്റകൃത്യങ്ങളുടെ കണക്കിൽ കേരളം ഒന്നാം സ്ഥാനത്താണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ (NCRB) കണക്കുകൾ അനുസരിച്ച് IPC പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കേരളം ഒന്നാം സ്ഥാനത്തായാണ് കാണുന്നത്. ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളായ കൊലപാതകം, ബലാൽത്സംഗം, തട്ടി കൊണ്ട് പോകൽ, കൊള്ള, ഭവന ഭേദനം, തീവയ്പ്പ്, സ്ത്രീ പീഡന മരണം, വർഗ്ഗീയ കലാപങ്ങൾ എന്നിവ ഒഴിച്ചുള്ള കുറ്റകൃത്യങ്ങളെ "Other IPC കുറ്റകൃത്യങ്ങൾ" എന്ന കാറ്റഗറിയിലാണ് NCRB ഉൾപ്പെടുത്തിയിരിക്കുന്നത്. Other IPC കേസുകളിൽ ബഹു ഭൂരിപക്ഷവും പോലീസ് സ്വമേധയാ എടുക്കുന്ന കേസുകൾ ഉൾപ്പെടെയുള്ള ട്രാഫിക് കേസുകളും, വാഹനാപകട കേസുകളുമാണ്. കൂടാതെ കേരളത്തിലുള്ള വർദ്ധിച്ച നിയമ സാക്ഷരത, താരതമ്യേന പോലീസ് സ്റ്റേഷനിലേയ്ക്കുള്ള ദൂര കുറവ്, പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുവാനുള്ള എളുപ്പം, ജന സൗഹൃദ പോലീസ് സംവിധാനം, ജനങ്ങളുടെ വർദ്ധിച്ച രാഷ്ട്രീയ അവകാശബോധം എന്നിവ ഇപ്രകാരമുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് കാരണമാകാറുണ്ട്. ഇപ്രകാരം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രസ്തുത കാറ്റഗറിയിലെ കേസുകളുടെ വർദ്ധനവാണ് മൊത്തം ഐ.പി.സി കേസുകളുടെ എണ്ണമെടുക്കുമ്പോൾ ഗുരുതരമായ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കേരള സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തേക്ക വരുത്തുന്നത് എന്നതാണ് വാസ്തവം. |

(ബി) കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറ്റകൃത്യങ്ങൾ വർദ്ധിക്കുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കുറ്റകൃത്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി കാണുന്നില്ല. എന്നാൽ നിസ്സാരമായ കുറ്റകൃത്യങ്ങളിൽപ്പോലും കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളായ കൊലപാതകം, ബലാൽസംഗം, തട്ടി കൊണ്ട് പോകൽ. കൊള്ള, ഭവന ഭേദനം, തീവയ്പ്പ്, സ്ത്രീ പീഡന മരണം, വർഗ്ഗീയ കലാപങ്ങൾ എന്നിവ ഒഴിച്ചുള്ള കുറ്റകൃത്യങ്ങളെ "Other IPC കുറ്റകൃത്യങ്ങൾ" എന്ന കാറ്റഗറിയിലാണ് NCRB ഉൾപ്പെടുത്തിയിക്കുന്നത്. പ്രസ്തുത കാറ്റഗറിയിലെ കേസുകളുടെ വർദ്ധനവാണ് മൊത്തം ഐ.പി.സി കേസുകളുടെ എണ്ണമെടുക്കുമ്പോൾ ഗുരുതരമായ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കേരളം ഒന്നാം സ്ഥാനത്തായി വരുന്നത്. കേരളത്തിലുള്ള വർദ്ധിച്ച നിയമ സാക്ഷരത, താരതമ്യേന പോലീസ് സ്റ്റേഷനിലേയ്ക്കുള്ള ദൂര കുറവ്, പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുവാനുള്ള എളുപ്പം, ജന .സൗഹൃദ പോലീസ് സംവിധാനം, ജനങ്ങളുടെ വർദ്ധിച്ച രാഷ്ട്രീയ അവകാശബോധം എന്നിവ കാരണം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഓരോ വർഷവും ഉണ്ടാകുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പോലീസ് പൊതുജന സൗഹൃദം വളരെ കൂടുതലായതിനാൽ സമൂഹത്തിലുണ്ടാകുന്ന ചെറിയ കുറ്റകൃത്യങ്ങൾ പോലും ജനങ്ങൾ നേരിട്ട് പോലീസിനെ അറിയിക്കുന്നതിനാലും ആയതിന് കൗണ്ടർ കേസുകൾ വരുന്നതിനാലും കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന് കാരണമാകാറുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കൂട്ടത്തല്ല് കേസുകളും "Other IPC" വിഭാഗത്തിലാണ് വരുന്നത്. Other IPC കേസുകളിൽ ബഹുഭൂരിപക്ഷവും പോലീസ് സ്വമേധയാ എടുക്കുന്ന കേസുകൾ ഉൾപ്പെടെയുള്ള ട്രാഫിക് കേസുകളും, വാഹനാപകട കേസുകളുമാണ്. ട്രാഫിക് സംബന്ധമായ കേസ്സുകളിൽ ബഹു. കോടതിയുടെ ഉത്തരവ് മൂലം മോട്ടോർ വെഹിക്കൾ ആക്ട് സെക്ഷൻ 184 ന പകരം 279 IPC ചേർത്ത് കേസ്സ്

രജിസ്റ്റർ ചെയ്യുന്നതിനാൽ വൻ വർദ്ധനവാണ് Other IPC Case കളിൽ ഉണ്ടായിട്ടുള്ളത്. അപകടങ്ങൾ കുറയ്ക്കുന്നതിനും അതുമായി ബന്ധപ്പെട്ട ഗുരുതരമായ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായാണ് ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. സമരങ്ങൾ, ധർണകൾ, പ്രകടനങ്ങൾ, ഉപരോധങ്ങൾ, സത്യാഗ്രഹങ്ങൾ, വിദ്യാർത്ഥി സമരങ്ങൾ എന്നിവയ്ക്കെതിരെയെല്ലാം മറ്റ് സംസ്ഥാന ങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കേസുകൾ എടുക്കാറുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ പൊതുജനങ്ങൾക്ക് ജീവഹാനിയുണ്ടാകുന്ന സംഭവങ്ങളിൽ പോലും കേസ്സുകൾ രജിസ്റ്റർ ചെയ്യുവാൻ മടികാണിക്കുമ്പോൾ നിസാരമായ കുറ്റകൃത്യങ്ങൾപോലും കേരളാ പോലീസ് നേരിട്ട് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനാൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ കേരളത്തിൽ ഉണ്ടാകുന്നത് തടയുന്നതിനും മെച്ചപ്പെട്ട ക്രമ സമാധാനം നിലനിർത്തുന്നതിനും സഹായിക്കുന്നുണ്ട്. ഇത്തരത്തിൽ വസ്തുതകളുടെ നിജസ്ഥിതി പരിശോധി ക്കുമ്പോൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തന മികവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനങ്ങൾക്ക് പോലീസിന്മേലുള്ള വിശ്വാസവുമാണ് എടുത്ത് കാണിക്കുന്നത്.

(സി) ക്രമസമാധാന രംഗത്ത് മുൻപന്തിയിലായിരുന്ന സംസ്ഥാനത്തെ വീണ്ടും മുൻപന്തിയിലെത്തിക്കുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

(സി) ക്രമസമാധാന പാലനത്തിന് കേരളം പിന്നിലായിട്ടില്ല. ക്രമസമാധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പോലീസ് ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ക്രമസമാധാന പാലനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അന്വേഷണ വിഭാഗത്തേയും, ക്രമസമാധാന വിഭാഗ ത്തേയും, രണ്ടായി വേർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ പോലീസ് സിറ്റി ജില്ലകളിലെ ക്രമസമാധാന വിഭാഗത്തെയും അന്വേഷണവിഭാഗത്തെയും വേർതിരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

തീരപ്രദേശങ്ങളുടെ ക്രമസമാധാന പാലനത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി കോസ്റ്റൽ പോലീസ് സ്റ്റേഷനുകളും, കടലോര/ കായലോര ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ CCTV സംവിധാനം ഉൾപ്പെടെയുള്ള കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിട്ടുണ്ട്. കൂടാതെ BDDS (BOMB Detection & Disposal Squad) എന്ന ഒരു ടീം കേരള പോലീസിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാധാനപ്പെട്ട സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും പ്രസ്തുത ടീം പരിശോധന നടത്തി സുരക്ഷ ഉറപ്പ് വരുത്താറുണ്ട്.

ക്രമസമാധാനപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസുദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങൾ, ആരാധനാലയങ്ങൾ, ബസ്സ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ . പോലീസുദ്യോഗസ്ഥർ പട്രോളിംഗും, ബീറ്റ് ഡ്യൂട്ടിയും നടത്താറുണ്ട്. 2006 ൽ രാജ്യത്തെങ്ങും നടന്ന ബോംബ് സ്ഫോടനങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തന്ത്ര പ്രധാനമായ സ്ഥാപനങ്ങളുടെയും, ആരാധനാലയ ങ്ങളുടെയും സുരക്ഷാ സംവിധാനം പരിശോധിച്ച് കുറ്റമറ്റതാക്കാൻ സംസ്ഥാന പോലീസ് മേധാവി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കേരള പോലീസിന്റെ കീഴിൽ സെക്യൂരിറ്റി ആഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആഡിറ്റ് ടീം രാജ് ഭവൻ, ഗൺമെന്റ് സെക്രട്ടറിയേറ്റ്, മന്ത്രി മന്ദിരങ്ങൾ, കേരളാ നിയമസഭാ മന്ദിരം, ജില്ലാ കോടതികൾ, ഹൈക്കോടതി, ഗൺമെന്റ് ഗസ്റ്റ് ഹൗസുകൾ, കലക്ടറേറ്റുകൾ, സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ സ്റ്റേഷനുകൾ, എൻ.ടി.പി.സി കായംകുളം, ടെക്നോപാർക്ക്, മുന്തിയയിനം ഹോട്ടലുകൾ, പ്രമുഖ ആരാധനാലയങ്ങൾ തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങളുടെയും സ്ഥലങ്ങളുടെയും സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

ജനമൈത്രീ സംവിധാനത്തിലൂടെ റസിഡന്റ്സ് അസ്സോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ

യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ ക്രമസമാധാനപാലനത്തെപ്പറ്റി സമൂഹത്തിൽ ബോധവൽക്കരണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ